വിശദമാക്കുമോ ;

(ഡി) പ്രസ്തുത നേട്ടങ്ങൾ കൈവരിക്കാനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് ; വിശദാംശങ്ങൾ നൽകുമോ ?

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ):

(എ) ഉത്തരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ഖാദി ബോർഡിന്റെയും ഖാദി ബോർഡ് ധനസഹായം ചെയ്യുന്ന സ്ഥാപനങ്ങളുടെയും ഖാദി ഉല്പന്നങ്ങളുടെ (പോളി വസ്ത്രം ഉൾപ്പെടെ) വില്പന വിവരം വർഷം തിരിച്ച് താഴെ കൊടുക്കുന്നു.

2011-12 - 34.37 കോടി രൂപ

2012-13 - 38.19 "

2013-14 - 45.47 "

(സി) 2011-12 വർഷം 17.67% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

2012-13 വർഷം 11% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

2013-14 വർഷം 19.06% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ഡി) അനുബന്ധത്തിൽ വിശദമാക്കിയിട്ടുണ്ട്. *

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വൈദ്യുതി ചാർജ്ജ്

1 (341) ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. ശശി :
ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തവണ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ട് ; അവസാനമായി വൈദ്യുതി ചാർജ്ജ്

LIBRARY ARCHIVES Kerala Legislative Assembly

വർദ്ധിപ്പിച്ചതെന്നാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഗാർഹിക ഉപഭോക്താക്കൾക്കും, കാർഷിക വാണിജ്യ മേഖലകളിലും ഈ സർക്കാർ അധികാരത്തിൽ വരുന്നതിനുമുമ്പ് ഉണ്ടായിരുന്ന വൈദ്യുതി നിരക്കും ഇപ്പോഴത്തെ നിരക്കും തമ്മിൽ താരതമ്യം ചെയ്യുമോ ;

(സി) പ്രസ്തുത കാലയളവിൽ ഇത്തരം നിരക്ക് വർദ്ധനവിലൂടെ എന്ത് തുകയുടെ അധിക വരുമാനമുണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) '3' പ്രാവശ്യം. അതായത് 2012 ജൂലൈ ഒന്നാം തീയതി മുതലും 2013 മേയ് ഒന്നാം തീയതി മുതലും 2014 ആഗസ്റ്റ് 16-ാം തീയതി മുതലും താരിഫ് വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവിറക്കിയിട്ടുണ്ട്. അവസാനമായി സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ താരിഫ് വർദ്ധിപ്പിച്ചത് 2014 ആഗസ്റ്റ് 16 തീയതി മുതലാണ്.

(ബി) വിശദാംശങ്ങൾ അനുബന്ധമായി കൊടുത്തിരിക്കുന്നു. *

(സി) 2012 ജൂലൈ ഒന്നാം തീയതി മുതൽ നടപ്പിലാക്കപ്പെട്ട താരിഫ് വർദ്ധനവിലൂടെ പ്രതിമാസം 130 കോടി രൂപയുടെ അധിക വരുമാനവും 2013 മേയ് ഒന്നാം തീയതി മുതൽ നടപ്പിലാക്കപ്പെട്ട താരിഫ് വർദ്ധനവിലൂടെ പ്രതിമാസം 55 കോടിയുടെ അധികവരുമാനവും 2014 ആഗസ്റ്റ് 16-ാം തീയതി മുതൽ നടപ്പിലാക്കപ്പെട്ട താരിഫ് വർദ്ധനവിലൂടെ ഏകദേശം 80 കോടി രൂപയുടെ അധിക വരുമാനവും ലഭിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കാൻ നടപടി

2 (342) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനായി ഗ്രാമപഞ്ചായത്തുകൾ തുക അടച്ച്, 2 വർഷം പിന്നിട്ടിട്ടും മീറ്ററുകൾ സ്ഥാപിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മീറ്ററുകൾ അടിയന്തരമായി സ്ഥാപിക്കുന്നതിനും അതുവരെ ഡെപ്പോസിറ്റുകൾക്ക് പലിശ അനുവദിക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly